# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/847/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/847/2022 തീയ്യതി: 16/05/2022

## കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി ഹരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ .ഗിരീശൻ പാറപ്പൊയിൽ .ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ശ്രുപലേഖ കൊമ്പിലാട്ട് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി ശ്രുപലേഖ കൊമ്പിലാട്ട് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ മനോജ്കുമാർ കെ.ടി | സെക്രട്ടറി | 01-04-2020 | 20-06-2020 |
| ശ്രീ വിനോദ്കുമാർ കെ.പി | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 21-06-2020 | 16-07-2020 |
| ശ്രീ.ശൈലേന്ദ്രൻ | സെക്രട്ടറി | 17-07-2020 | 31-12-2020 |
| ശ്രീ.വിനോദ് കുമാർ.കെ.പി | സെക്രട്ടറി-ഇ**ൻ**-ചാ**ർ**ജ്ജ് | 01-01-2021 | 05-02-2021 |
| ശ്രീ.ഗിരീഷ്.എം | സെക്രട്ടറി | 06-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ ഷിബിൻ കെ.കെ | അസി.സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ വിനോദ്കുമാർ കെ.പി | അസി.സെക്രട്ടറി | 18-06-2020 | 31-03-2021 |
| ശ്രീ പി.വി മുഹമ്മദ്കബീർ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ എ ധന്യ | വെറ്ററിനറി സർജൻ | 01-04-2020 | 16-09-2020 |
| ഡോ സക്കിയ പി | വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| ശ്രീമതി ഹെലെനമോൾ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി സീമസെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 09-02-2021 |
| ശ്രീമതി സുമയ്യ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി വിദ്യ പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ റിഷിലാൽ | അസി.എഞ്ചിനീയർ | 01-04-2020 | 04-10-2020 |
| ശ്രീമതി ലിജിന എം | അസി.എഞ്ചിനീയർ | 05-10-2020 | 31-03-2021 |
| ശ്രീമതി രാധിക പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 03-11-2020 |
| ശ്രീ ഷിബു വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-11-2020 | 31-03-2021 |
| ശ്രീമതി ലക്ഷ്മി ശശീന്ദ്രൻ സി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രാജലക്ഷ്മി വി പി | ഹെഡ് മാസ്റ്റർ | 01-04-2020 | 02-07-2020 |
| ശ്രീമതി ഗീത കെ | ഹെഡ് മാസ്റ്റർ | 27-01-2021 | 31-03-2021 |
| ശ്രീമതി ലക്ഷ്മി ടി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീമതി പ്രമീള കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീമതി ഹിത എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 05-07-2020 |
| ശ്രീമതി റിജുല എ | ഡയറിഫാം ഇൻസ്ട്രക്ടർ | 06-07-2020 | 31-03-2021 |

(12/11/2020 മുതൽ 20/12/2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 03/07/2020 മുതൽ 26/01/2021 ഹെഡ്മാസ്റ്റർ ഇല്ല.)

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: T.K.Latha (Senior Grade Auditor, On 27-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T.K.Latha (Senior Grade Auditor, On 27-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1-4 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: T.K.Latha (Senior Grade Auditor, On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-5 |
| 7 | എം.ജി.എൻ.ആർ.ഇ.ജി.എസ് സാധനങ്ങൾ വാങ്ങിയതിലെ അപാകത<br>Written By: Hari. K.P (Audit Officer (HG), On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 27-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: RENSY. E (Auditor, On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: T.K.Latha (Senior Grade Auditor, On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-9 |
| 11 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-10 |
| 12 | ഇ – പേയ് മെന്റ് മുഖേന പൊതുജനങ്ങൾ അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ സമയബന്ധിതമായി ക്രഡിറ്റ് ആവുന്നില്ല.<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-11 |
| 13 | ബജറ്റ് വിഹിതം ജനസംഖ്യാ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തിയിട്ടല്ല<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-12 |
| 14 | വസ്തുനികുതി നിർണ്ണയം - റോഡിന്റെ തരം രേഖപ്പെടുത്തുന്നതിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-13 |
| 15 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-14 |
| 16 | ബസ്സ്റ്റാന്റിലെ ബസ് പ്രവേശന ഫീസ് പിരിവ്-ലേലം കൊണ്ട ആളുമായി കരാറിലേർപ്പെട്ടില്ല. | 1- 15 |

| | | |
|---|---|---|
| | Written By: RENSY. E (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | |
| 17 | തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ<br>Written By: RENSY. E (Auditor, On 30-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1- 16 |
| 18 | റോഡ് പ്രവൃത്തിക്ക് അധികതുക നല്കി<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1-17 |
| 19 | മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്നും വിവിധ നികുതികൾ ഈടാക്കിയതിൽ കുറവ് വന്നു<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-18 |
| 20 | ലാപ്പ് ടോപ്പ് വിതരണം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-19 |
| 21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം-വിതരണവിവരം ലഭ്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-20 |
| 22 | മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-21 |
| 23 | തെരുവ് വിളക്ക് - സ്ഥാപിച്ചവയിൽ അധികവും പ്രവർത്തിക്കുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-22 |
| 24 | റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചു<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-23 |
| 25 | റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1- 24 |
| 26 | എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1-25 |
| 27 | ഇ ടെണ്ടർ ഫീസ്- പഞ്ചായത്ത് ഫണ്ടിലേക്ക് തുക ലഭിച്ചില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1- 26 |
| 28 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത്<br>Written By: Gireeshan Parappoyil (Audit Officer (HG), On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1- 27 |
| 29 | ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ വാങ്ങൽ നടപടികൾ സുതാര്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 1- 28 |
| 30 | ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 13-05-2022) | 1- 29 |
| | ഭാഗം **2** | |
| 1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 2-1 |

| | | |
|---|---|---|
| 2 | വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: RENSY. E (Auditor, On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 2-2 |
| | **ഭാഗം 3** | |
| 1 | റോഡ് പ്രവൃത്തിക്ക് അധികം തുക നൽകി<br>Written By: Gireeshan Parappoyil (Audit Officer (HG), On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 3-1 |
| 2 | ലാപ്പ് ടോപ്പ് വിതരണം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 03-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: T.K.Latha (Senior Grade Auditor, On 26-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 05-05-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 26-04-2022)<br>Last Updated By: Vasudevan M (Deputy Director, On 16-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 28.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 19.02.2021 തീയതിയിലെ 2/1 തീരുമാന നമ്പർ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മാത്രമല്ല ഇത്തരം നിർദ്ദേശങ്ങളടങ്ങിയ ബജറ്റ് ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്ത് തയ്യാറാക്കിയ വാർഷിക കണക്കും പരിശോധനക്ക് വിധേയമാക്കിയതിൽ ആയത് തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വാർഷിക ബജറ്റിൽ മുന്നിരിപ്പുൾപ്പെടെ 26,63,07,973 രൂപ വരവും 26,03,49,845 രൂപ പ്രതീക്ഷിത ചെലവും 59,581,28/- രൂപ നീക്കിയിരിപ്പും രേഖപ്പെടുത്തിയപ്പോൾ യഥാർത്ഥവരവ് മുന്നിരിപ്പുൾപ്പെടെ 10,76,35,589രൂപയും ചെലവ് 8,81,38,611 രൂപയുമാണ്. പ്രധാന നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിതവരവും സാമ്പത്തിക വർഷത്തെ യഥാർത്ഥവരവും തമ്മിൽ വലിയ വ്യത്യാസമുണ്ട് .

| ഹെഡ് | ഇനം | പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|---|
| 110 | നികുതി വരവ് | 95.00,000 | 88,50,997 |
| 130 | നികുതിയിതര വരവ് | 1,80,000 | 79,117 |
| 140 | ഫീസ്&യൂസർചാർജ് | 21,95,000 | 12,46,134 |
| 150 | Sale &Hire Charges | 3,60,000 | 298060 |
| 160 | പദ്ധതിയിതര ചെലവുകൾക്കുള്ള ഗ്രാന്റ് | 25,000,000 | 20,16,14,257 |
| 170 | നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 4,50,000 | 2,89,855 |
| 180 | മറ്റ് വരവുകൾ | 63000 | 13,304 |
| 210 | ജീവനക്കാര്യത്തിലുള്ള ചെലവുകൾ | 2,23,00,457 | 16047,332 |
| 220 | ഭരണചെലവുകൾ | 20,87,000 | 14,13,835 |

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 30.04.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23206904 |
| ഓഡിറ്റ് വർഷത്തെ വരവ് | 84428685 |
| ആകെ | 107635589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 88138611 |
| നീക്കിയിരിപ്പ് | 19496978 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 10912994 | 10912994 | 8865767 | 2047227 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | | 478115 | 478115 | 405000 | 73115 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6612000 | 6612000 | 6570945 | 41055 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4191177 | 4191177 | 4191177 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) (ACR പ്രകാരം) | | 5770000 | 5770000 | 1414669 | 4355331 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) (ACR പ്രകാരം) | | 12294936 | 12294936 | 6445911 | 5849025 |
| സാക്ഷരത | 1902 | 175 | 2077 | 0 | 2077 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡിഎസ് | | 865559 | 1104264 | 1969823 | 1781923 | 187900 |
| എസ്.എസ്.എ | | 360109 | 9895 | 370004 | 0 | 370004 |
| എം.പി.എൽ.എ.ഡി | | 13463 | 400785 | 414248 | 400000 | 14248 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ലൈഫ് ഭവനപദ്ധതി | | 0 | 300000 | 300000 | 8408 | 291592 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 114000 | 2802530 | 2916530 | 280530 | 114000 |
| | ജില്ലാ പഞ്ചായത്ത് | 45000 | 2144500 | 2189500 | 2144500 | 45000 |

## 1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ

2020 – 21 വർഷത്തെ വാർഷിക കണക്ക് , ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, ഏ.സി.ആർ സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | | എ.സി.ആർ പ്രകാരം | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കിബാക്കി | വരവ് | ചെലവ് | നീക്കിബാക്കി |
| വികസനഫണ്ട് (എസ്.സി.പി) | 12919080 | 14217250 | -1298170 | 12919080 | 11963170 | 955910 |
| വികസനഫണ്ട് (ടി.എസ്.പി) | 10912994 | 9202905 | 1710089 | 10912994 | 8865767 | 2047227 |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 419117 | 4234000 | -42823 | 419117 | 419117 | 0 |
| സി.എഫ്.സി Tied | 2885000 | 1414669 | 1470331 | 5770000 | 414669 | 4355331 |

ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അനുബന്ധത്തിലെ (CSS,SSS) പ്രോജക്ടുകളും ചെലവുകളും, സി.എഫ്.സി, (UNTIED,TIED) അലോക്കേഷനും പൂർണ്ണമായി തിരിച്ചറിയുന്നതിന് ചെലവ് പത്രിക പ്രകാരം സാധ്യമാകുന്നില്ല.

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 100411511 | 143 | 61799045 | 17 | 22 | 88 |

ഡി.പി.സി. അഗീകാരം ലഭിച്ച 182 പ്രൊജക്ടുകളില് 143 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 100411511 /-രൂപ വകയിരുത്തിയതിൽ 61799045 /-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 10905892 /-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 80 മരാമത്തു പ്രൊജക്ടുകളിൽ 66 പ്രവൃത്തികളാണ് തൻവർഷം

നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്കുകൾക്ക് ആകെ 3,21,43,545/- രൂപ വകയിരുത്തിയതിൽ 23965650/-രൂപയാണ് 2020-21 വർഷത്തിൽ ചെലവഴിച്ചത്. അതായത് 74.55ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/നഷ്ടപ്പെട്ടതുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 12919080 | 12919080 | 12308830 | 610250 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 10912994 | 10912994 | 8865767 | 2047227 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 478115 | 478115 | 405000 | 73115 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6612000 | 6612000 | 6570945 | 41055 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4191177 | 4191177 | 4191177 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ACR പ്രകാരം) | | 5770000 | 5770000 | 1414669 | 4355331 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 12294936 | 12294936 | 6445911 | 5849025 |

| | | | | | |
|---|---|---|---|---|---|
| (അൺടൈഡ്)<br>(ACR പ്രകാരം) | | | | | |
| | | 53178302 | 53178302 | 40202299 | 12976003 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച തുകയിൽ 1,29,76,003/- രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. പദ്ധതി സമയബന്ധിതമായ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-6 എം.ജി.എൻ.ആർ.ഇ.ജി.എസ് സാധനങ്ങൾ വാങ്ങിയതിലെ അപാകത

ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ 7,42,25,586/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ റോഡ് കോൺക്രീറ്റ് ചെയ്ത വകയിൽ 103 പ്രവൃത്തികൾക്കായി 1,50,50,280/- രൂപയും ചെലവായിട്ടുണ്ട്. മെറ്റീരിയൽ ഇനത്തിൽ താഴെ കൊടുത്ത ഇനങ്ങൾ ടെണ്ടർ മുഖേന വിവിധ കരാറുകാരിൽ നിന്ന് സംഭരിച്ചിട്ടുണ്ട്.

| ഇനം | അനുവദിച്ച തുക(എം $^3$ ന്) |
|---|---|
| 1. ക്വാറിമക്ക് | 1250 രൂപ |
| 2. 40 എം.എം മെറ്റൽ | 1995 രൂപ |
| 20 എം.എം , 10 എം.എം | 1995 രൂപ |
| 3. എം. സാന്റ് | 2310 രൂപ |

അനുവദിച്ച നിരക്ക് എല്ലാം തന്നെ ഡൽഹി ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ സെക്വയർ സോഫ്റ്റ്‌വെയറിലെ നിരക്കാണ്.

പ്രൊക്യൂയർമെന്റ് സംബന്ധിച്ച സർക്കാർ ഉത്തരവ് 93/2012 തസ്വഭവ തീ.31.03.2012 പ്രകാരം അംഗീകൃത വെണ്ടർമാരിൽ നിന്നാണ് സാധനസാമഗ്രികൾ വാങ്ങേണ്ടത്. അതിന് പകരം മത്സരസ്വഭാവമുള്ള ടെൻഡർ മുഖേന കരാറുകാരിൽ നിന്നാണ് മേൽ ഇനങ്ങൾ വാങ്ങിയത്.

ബാലുശ്ശേരി എരമംഗലത്തുള്ള J&P സാന്റ്സ് & അഗ്രിഗേറ്റ് സ്റ്റോർസ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ (നിലവിലെ നിരക്കിൽ ക്വാട്ട് ചെയ്യാൻ) വാങ്ങിച്ചതിൽ അവരുടെ നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. 6 എം.എം, 10 എം.എം, 12, 20, 40 മെറ്റൽ | 1444.8/എം$^3$ |
| 2. എം. സാന്റ് | 1576/എം$^3$ |
| 3. ക്വാറി മക്ക് | 438/എം$^3$ |

ഈ നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ എത്രയോ കുറവാണ്. ടെൻഡർ മുഖേന മെറ്റൽ ഉൽപാദിപ്പിക്കുന്ന ക്വാറിയിൽ നിന്ന് നേരിട്ട് മേൽ നിരക്കിൽ വാങ്ങാതെ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരിൽ നിന്ന് ടെൻഡർ മുഖേന വാങ്ങിയതിനാൽ, 2020-21 വർഷത്തിൽ ടെൻഡർ ചെയ്ത 103 പ്രവൃത്തികളിലായി 65,41,111/- രൂപ അധികം അനുവദിച്ചു. മെറ്റീരിയൽ നേരിട്ട് വാങ്ങിയിരുന്നെങ്കിൽ മേൽ തുകയുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. മെറ്റീരിയൽ വർക്കിന് ആകെ ചെലവഴിച്ച 1,50,50,280/- രൂപയിൽ 65,41,111/- രൂപ ഇത്തരത്തിൽ അധികം നൽകാനിടയായി എന്നതിൽ നിന്നും ചെലവ് തുകയുടെ 40% അധികം തുക പാഴ്ചെലവായതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 8935300 | 653 |
| വിധവാ പെൻഷൻ | 18104100 | 1261 |
| വാർദ്ധക്യകാല പെൻഷൻ | 26737800 | 2114 |
| വികലാംഗ പെൻഷൻ | 4296200 | 294 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1616600 | 109 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.4.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14396/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നടപടിക്രമപ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഖണ്ഡിക 1-28 ലെ പരാമർശം ശ്രദ്ധിച്ചാലും)

കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ ഡി.സി.ബി.രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. (ഖണ്ഡിക 1-13 കാണുക) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി

ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല പഞ്ചായത്ത് സാമ്പത്തിക വർഷം തയ്യാറാക്കിയ ബജറ്റ്സംക്ഷിപ്ത പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-10 വാർഷിക കണക്ക് - അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചയത്തിന് ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 114000/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതം 45000/-രൂപയും പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

4. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5. B 9 ഷെഡ്യൂൾ പ്രകാരം Pension Contribution എന്ന ഹെഡിൽ ബാധ്യതയായിട്ടുള്ളത് 367972/രൂപയും 2021-22 ഏപ്രിൽ മാസം അടവാക്കിയിട്ടുള്ളത് 108715/-രൂപയുമാണ്. വ്യത്യാസം 255387/-രൂപ, കൂടാതെ Recoveries Payable - Other Recoveries From Employees എന്ന ഹെഡിൽ ബാധ്യതയായിട്ടുള്ളത് 27469/രൂപയും 2021-22 ഏപ്രിൽ മാസം അടവാക്കിയിട്ടുള്ളത് 15030/-രൂപയുമാണ്. വ്യത്യാസം 12439/-രൂപ, പ്രസ്തുത തുകകൾ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടയ്ക്കാത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

6.B -11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഹെഡിൽ 35,09,636/- രൂപ ഉണ്ട് എന്നാൽ പ്രസ്തുത തുക ഏതൊക്കെ വർക്കുകളുടെ ആണെന്നുള്ള വിവരം ലഭ്യമല്ല.

7. Contactors EMD എന്ന ഇനത്തിൽ 26/06/2017 ലെ തുകയായ 53778/-രൂപയും, Suppliers EMD എന്ന ഇനത്തിൽ 09/10/2017 ലെ തുകയായ 5000/-രൂപയും പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/2020 - 21/28.04.22) ക്ക് 29/04/2022 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും. ജില്ലാ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ പെൻഷൻ കോൺട്രീബ്യൂഷൻ വിഹിതമായ 255387/-രൂപ അടവാക്കുന്നതാണെന്നും, Recoveries Payable - Other Recoveries From Employees എന്ന ഹെഡിൽ അവശേഷിക്കുന്ന തുക PRAN നമ്പർ ലഭിക്കാതിരുന്ന ജീവനക്കാരന്റെ പെൻഷൻ വിഹിതമാണെന്നും, പ്രസ്തുത തുക നിലവിൽ PRAN നമ്പർ ലഭിച്ചതിനാൽ ഉടനെ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ

ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-11 ഇ – പേയ് മെന്റ് മുഖേന പൊതുജനങ്ങൾ അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ സമയബന്ധിതമായി ക്രഡിറ്റ് ആവുന്നില്ല.

2020-21, വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ, റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ്, 2021-22 രസീത് വരവ് എന്നിവ പരിശോധിച്ചതിൽ വിവാഹരജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ എന്നിവയുടെ ഫീസിനത്തിൽ പൊതുജനങ്ങൾ ഇ - പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ വരവ് വന്നിട്ടില്ലെന്ന് കാണുന്നു. എന്നാൽ മേൽ തുകകൾ ബേങ്ക് ബുക്കിൽ വരവ് വന്നിട്ടുമുണ്ട് . 11/09/2021 (ILGMS ആരംഭിച്ച തീയതി) മുതൽ 31.03.2022 വരെ പ്രസ്തുത ഇനങ്ങളിൽ ആകെ 15602/-രൂപയാണ് (വിവാഹരജിസ്ട്രേഷൻ ഇനത്തിൽ - 15440/-രൂപയും, ജനന മരണ രജിസ്ട്രേഷനിൽ 162/-രൂപയും) സ്ഥാപനത്തിന്റെ കണക്കുകളിൽ വരവായി കാണിച്ചിരിക്കുന്നത്. വിവാഹരജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ, വസ്തുനികുതി എന്നീ ഇനത്തിൽ ഇ- പേയ് മെന്റ് മുഖേന അടവാക്കുന്ന തുകകൾ നിലവിൽ ഐ.കെ.എം ന്റെ ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ആവുന്നത്. പ്രസ്തുത തുകകൾ ഐ.കെ.എം ട്രാൻസ്ഫർ ചെയ്യുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ബേങ്ക് അക്കൗണ്ടിൽ വരവായി വരുന്നത് . ഇതിന് അനന്തമായ കാലതാമസം വരുന്നത് ശരിയായ നടപടിക്രമമല്ല. തനത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (3/2020 – 21/29.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട് സമയബന്ധിതമായി അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് നടപടികൾ സ്വീകരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-12 ബജറ്റ് വിഹിതം ജനസംഖ്യാ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തിയിട്ടല്ല

ഗ്രാമപഞ്ചായത്തിന്റെ 2012 - 13 മുതൽ 2021-22വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം വികസനഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), വികസനഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളിലായി ലഭിച്ച ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വികസന ഫണ്ട്- ജനറൽ | ചെലവ് | വികസന ഫണ്ട്- എസ്.സി.പി | ചെലവ് | വികസന ഫണ്ട്- ടി.എസ്.പി | ചെലവ് |
|---|---|---|---|---|---|---|
| 2012 – 13 | 9084723 | 2681552 | 6756380 | 5447691 | 279505 | 279505 |
| 2014 - 15 | 21155378 | 8935585 | 8534427 | 6173153 | 7000 | 7000 |
| 2015 - 16 | 20437208 | 980422 | 8821274 | 5632473 | 7000 | 7000 |
| 2016-17 | 21261561 | 10380272 | 7235247 | 6801528 | 7875 | 7875 |
| 2017-18 | 9931700 | 13160506 | 8158015 | 6159831 | 8996 | 8996 |
| 2018-19 | 16357771 | 16141450 | 9472000 | 8217171 | 404000 | 241661 |
| 2019-20 | 12203824 | 13097219 | 9534471 | 7461051 | 409000 | 409000 |
| 2020-21 | 14079190 | 12308830 | 11081563 | 8865767 | 507369 | 405000 |
| 2021-22 | 18304425 | 17423000 | 8805614 | 795800 | 261558 | 225000 |

പദ്ധതി വിഹിതത്തിന് ജനസംഖ്യാനുപാതികമായാണ് വർദ്ധനവ് ഉണ്ടാകേണ്ടത്. എന്നാൽ ജനറൽ വിഹിതത്തെ അപേക്ഷിച്ച് എസ്.സി.പി വിഹിതത്തിൽ വൻ വർദ്ധനവ് ആണ് ഉണ്ടായിരിക്കുന്നത് . മേൽ പട്ടിക പ്രകാരം ഇത് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിഭാഗം | ജനസംഖ്യ(പദ്ധതിരേഖപ്രകാരം) |
|---|---|
| ജനറൽ | 20251 |
| എസ്.സി | 3722 |
| എസ്.ടി | 140 |
| ആകെ | 24113 |

ജനസംഖ്യ കണക്ക് (2011 സെൻസസ്) പരിശോധിച്ചാൽ മൊത്തം ജനവിഭാഗത്തിന്റെ 15.43% മാത്രമേ എസ്.സി.പി ജനസംഖ്യ ഉള്ളൂ. ജനസംഖ്യയുടെ 84% വും ജനറൽ വിഭാഗമാണ്. ബജറ്റ് വിഹിതം അനുവദിക്കുമ്പോൾ ജനസംഖ്യയ്ക്ക് അനുസൃതമായാണ് തുക കണക്കാക്കുന്നത്. എന്നാൽ ഒന്നാം പട്ടികയിൽ സൂചിപ്പിച്ച പ്രകാരം വിവിധ കാലയളവിലെ ബജറ്റ് വിഹിതം അനുവദിച്ചതിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ആകെ ജനസംഖ്യയുടെ വെറും 15.43% വരുന്ന വിഭാഗത്തിന് 84% വരുന്ന പൊതുവിഭാഗത്തിനോടൊപ്പം തന്നെ തുക അനുവദിച്ചിട്ടുള്ളതായി കാണാം. ബജറ്റ് വിഹിതം ജനസംഖ്യാ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തിയിട്ടല്ല എസ്.സി.പി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്ക് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് താഴെ കൊടുത്ത നിബന്ധന പ്രകാരം ജനറൽ/എസ്.സി.പി / ടി.എസ്.പി ഫണ്ട് കണക്കാക്കുന്നതിന് നിശ്ചിത പ്രഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഓരോ തലത്തിനുമുള്ള പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ച് നൽകിയത് യഥാക്രമം പട്ടിക -2, പട്ടിക -3, പട്ടിക -4 എന്നിവയിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ്.

<u>പട്ടിക 2 (പൊതു വിഭാഗം സാധാരണ വിഹിതം )</u>

| ക്രമ നം. | സൂചകം | വെയിറ്റേജ് ശതമാനം |
|---|---|---|
| 1 | പട്ടികജാതി-പട്ടികവർഗ്ഗക്കാരൊഴിച്ചുള്ള ജനസംഖ്യ (2011 സെൻസസ്) | 40 |
| 2 | ഭൂപ്രദേശം | 10 |
| 3 | പാരിസ്ഥിതിക ദുർബലത | 10 |
| 4 | ഇല്ലായ്മയുടെ സൂചകം | 25 |
| 5 | വരുമാന സമാഹരണത്തിന് പ്രോത്സാഹനം | 15 |
| | ആകെ | 100 |

പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം

| ക്രമ നം. | സൂചകം | വെയിറ്റേജ് ശതമാനം |
|---|---|---|
| 1 | പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 60 |
| 2 | ഇല്ലായ്മയുടെ സൂചകം | 40 |
| | ആകെ | 100 |

മേൽ പട്ടികയിലെ വിവരങ്ങൾ തെറ്റായി നൽകിയത് മൂലം ഉണ്ടായ അപാകതയാണോ അതോ സർക്കാർ അലോക്കേഷനിൽ വന്ന അപാകതയാണോ എന്നത് പരിശോധിക്കാൻ ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2021-22 വർഷത്തിൽ ടി.എസ്.പി പദ്ധതി വിഹിതത്തിലും വൻ കുറവാണ് ഉണ്ടായിട്ടുള്ളത് എന്നും കാണുന്നു. പദ്ധതിരേഖപ്രകാരം ഗ്രാമപഞ്ചായത്തിലെ എസ്.ടി ജനസംഖ്യ (2011 സെൻസസ്) ആകെ ജനസംഖ്യയിൽ (24113) വെറും 140 പേർ മാത്രമാണ്. 2021 ൽ ടി.എസ്.പി ഫണ്ടിനത്തിൽ 507369 രൂപയാണ് അനുവദിച്ചിട്ടുള്ളതെങ്കിൽ 2021-22 ൽ രൂപ 261558 മാത്രമാണ് അനുവദിച്ചിട്ടുണ്ട്. ജനസംഖ്യയ്ക്ക് അനുസരിച്ച് അനുവദിക്കേണ്ട ബജറ്റ് വിഹിത പ്രകാരമുള്ള ടി.എസ്.പി ഫണ്ടിന്റെ വരവിലുണ്ടായ അന്തരം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ട എസ്.സി.പി വിഹിതം അറിയിച്ചിട്ടും അധികം ലഭ്യമായതാണെങ്കിൽ പരിശോധിക്കേണ്ടതാണ്. ജനറൽ ഫണ്ട് ബജറ്റ് അലോക്കേഷനിൽ കുറവ് വന്നതാണെങ്കിൽ ആയതും പരിശോധിക്കേണ്ടതും തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2020 – 21/30.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ ലഭിക്കേണ്ട എസ്.സി.പി വിഹിതം അറിയിച്ചിട്ടും അധികം ലഭ്യമായതാണെങ്കിൽ പരിശോധിക്കേണ്ടതാണ്. ജനറൽ ഫണ്ട് ബജറ്റ് അലോക്കേഷനിൽ കുറവ് വന്നതാണെങ്കിൽ ആയതും പരിശോധിക്കേണ്ടതും തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13 വസ്തുനികുതി നിർണ്ണയം - റോഡിന്റെ തരം രേഖപ്പെടുത്തുന്നതിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ 162 റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (സെക്രട്ടറിയുടെ ലോഗിനിൽ) നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ

തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി എൻക്വയറിയിൽ മനസ്സിലായിട്ടുണ്ട്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നാതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും ഇളവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്.

റോഡുകൾ രേഖപ്പെടുത്തിയതിലും പൂർണ്ണതയില്ല

സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 162 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം (ആസ്തി രജിസ്റ്റർ കാലികമല്ല) 391 റോഡുകൾ സ്ഥാപനത്തിലുണ്ട്. ഇവ കൂടാതെ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ, സ്റ്റേറ്റ്, സെൻട്രൽ സർക്കാരുകളുടെ അധീനതയിലുള്ള റോഡുകളും നിലവിലുള്ളതായി കാണാം. മേല്പറഞ്ഞ എല്ലാ റോഡുകളും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 391 റോഡുകളിൽ 9 എണ്ണം 5 മീറ്ററിൽ കൂടുതലുള്ളതാണ്. എന്നാൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 125 റോഡുകൾ ഈ ഗണത്തിൽ പെടുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം പോലും ശരിയല്ലെന്ന് കാണാം.

2020-21 ൽ 260 ഫയലുകളിൽ 365 കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. ആയതിൽ 123 നമ്പറുകൾ മാത്രമാണ് പ്രാഥമിക മേഖലയിലുള്ളത്, 5 മീറ്ററിന് മുകളില് വീതിയുള്ള റോഡ് എന്ന തരത്തിൽ 156 കെട്ടിട നമ്പറുകൾ ഉൾപ്പെടുന്നുണ്ട്. ബഹുഭൂരിപക്ഷം കെട്ടിട നമ്പറുകളും ഉൾപ്പെടുന്നത് ദ്വിതീയ മേഖലയിലാണ്. കൂടാതെ പാനായി താഴം പൂളർവട്ടം റോഡ് എന്നത് നികുതി നിർണ്ണയിക്കുന്നതിന് സഞ്ചയ സ്റ്റോറ്റ് വെയർ ഉൾപ്പെടുത്തിയിട്ടുള്ളത് 1.5 മീറ്റർ കൂടുതൽ എന്ന ഗണത്തിലാണ്. എന്നാൽ അസറ്റ് രജിസ്റ്റർ പ്രകാരം പ്രസ്തുത റോഡിന്റെ വീതി 6 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യതയുണ്ട്. ആകയാൽ സോഫ്റ്റ് വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതും, ആസ്തി രജിസ്റ്റർ . കാലികമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കേണ്ടതും, പ്രസ്തുത വിവരങ്ങൾ നികുതി നിർണ്ണയ സ്റ്റോറ്റ് വെയർ സഞ്ചയയിലെ റോഡ് മാസ്റ്റർ എന്ന മൊഡ്യൂളിൽ രേഖപ്പെടുത്തി കാലികമാക്കേണ്ടതുമാണ്. കൂടാതെ 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എല്ലാം തന്നെ പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഇക്കാര്യത്തിലുള്ള പുരോഗതിയും, വീഴ്ചയ്ക്കുള്ള വിശദീകരണവും സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (2/2020 – 21/28.04.22) ക്ക് 29/04/2022 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്ത റോഡാണ് ഉൾപ്പെടുത്തേണ്ടതെങ്കിൽ മറ്റുളളവ എന്ന ഓപ്ഷൻ സ്വീകരിച്ച് വാർഡ് ചാർജ്ജുള്ള ക്ലർക്കുമാർ സൈറ്റ് പരിശോധിച്ച് ബോധ്യപ്പെട്ട കാര്യങ്ങളാണ് ചേർക്കാറുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ എല്ലാ റോഡുകളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, ആസ്തി രജിസ്റ്റർ കാലികമാക്കി ആയത് സഞ്ചയ സോഫ്റ്റ് വെയർ റോഡ് മാസ്റ്റർ മൊഡ്യൂളിൽ രേഖപ്പെടുത്തി കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിട നികുതി നിർണ്ണയിക്കുമ്പോൾ മേൽ പരാമർശിച്ച കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയിക്കുമ്പോൾ റോഡിന്റെ തരം രേഖപ്പെടുത്തുന്നതിലെ അപാകതകൾ പരിഹരിച്ച് തനത് ഫണ്ട് നഷ്ടപ്പെടാതെ നികുതി നിർണ്ണയം നടത്തുന്നതിന് ഭരണസമതിയും , ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയുമാണ് മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. മേൽ കാരണങ്ങളാൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിട നമ്പർ തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്,മേൽവിലാസം | സഞ്ചയ സ്ഫോറ്റ് വെയർ പ്രകാരമുള്ള തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | 7/1273 A 1 – A24 | മിസ്രി അൽത്താഫ് നെടുങ്കണ്ടത്തിൽ നെടിയനാട്, നരിക്കുനി | തറ നില – 215.29 M2<br>ഒന്നാം നില – 94.33 M2<br>രണ്ടാം നില – 187.65 M2<br>497.27 M2 | 497.27 M2 |

| | | | | |
|---|---|---|---|---|
| 2 | 7/359 -A മുതൽ 7/359 – P വരെ | | തറ നില – 503.44 M2<br>ഒന്നാം നില – 379.64 M2<br>രണ്ടാം നില –48.28 M2<br>931.36 M2 | 931.36 M2 |

ക്രമനമ്പർ (1) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയുണ്ട്. സെക്ഷനിൽ നിന്ന് ഫയൽ ലഭ്യമല്ലാത്തതിനാൽ ഫയൽ നമ്പർ - A3/848/2021/15/01/2021 പ്രകാരമുള്ള ഓണർഷിപ്പ്ചെയ്ഞ്ചിന്റെ ഫയലിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സ്സോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും,നിർണ്ണയിച്ച തറവിസ്തീർണ്ണവും 497.27ച.മീ ആണ്. (എന്നാൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപ എന്ന് കണക്കാക്കിയതിനാൽ) 200$m^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായഅടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കാതെ 17058/- രൂപ വസ്തുനികുതി ഇനത്തിലും 853/-രൂപ ലൈബ്രറി സെസ് ഇനത്തിലും 2015 ഒന്നാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| നിർണ്ണയിച്ച നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|
| (215.29 X40+20% = 10334)<br>(94.33 X40-5%+20% =4301)<br>187.65 X40+20%-10%=8105) | (215.29 X70+20% = 18084)<br>(94.33 X70-5%+20% =7528)<br>187.65 X70+20%-10% = 14186)+5% | 39798+1990-22740 +1137 |
| 22740 +1137 | 39798+1990 | 17058+853 |

2020-21 വരെ ഈ ഇനത്തിൽ 1,02,348/- രൂപ വസ്തുനികുതി ഇനത്തലും, 5118/-രൂപ ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമ നമ്പർ 2 പ്രകാരമുള്ള കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരവും, സഞ്ചയ സ്സോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരവും,നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരവും 931.36 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടമാണ്. പ്രസ്തുത കെട്ടിടത്തിന് 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരമുള്ള ഫോം 6 ൽ തറയുടെ നിർമ്മാണം 100% മേൽത്തരം തടി,ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ വസ്തുക്കൾ എന്ന് കണക്കാക്കിയായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ പല റൂമുകളായി തരം തിരിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നികുതി ഈടാക്കുന്നതിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 2020-21 വർഷം 9779/രൂപ വസ്തുനികുതിയിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 489/-രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2020-21 /30.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽ കെട്ടിടങ്ങളുടെയും, 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴവൻ കെട്ടിടങ്ങളുടെയും വസ്തു

നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കേണ്ടതും, പൂർണ്ണമായ തറവിസ്തീർണ്ണത്തിനും,ഓരോ കെട്ടിടത്തിനും ബാധകമായ വർദ്ധനവ്/ഇളവ് എന്നിവ ഉൾപ്പെടെയാണ് നികുതി നിർണയിച്ചിട്ടുള്ളതെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും,നഷ്ടം വന്ന തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1- 15 ബസ്സ്റ്റാന്റിലെ ബസ് പ്രവേശന ഫീസ് പിരിവ്-ലേലം കൊണ്ട ആളുമായി കരാറിലേർപ്പെട്ടില്ല.

27/02/2021 ലെ എ4/8737/2020 ലേലം/ക്വട്ടേഷൻ പരസ്യ പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ താൽകാലികമായി നിർത്തിവെച്ചിരുന്ന ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റിലെ ബസ് പ്രവേശന ഫീസ് പിരിവ് 31/03/2021 വരെയുള്ള കാലയളവുകളിൽ പിരിക്കുന്നതിനുള്ള കുത്തക അവകാശം 03/02/2021 ന് പഞ്ചായത്ത് ഹാളിൽ വെച്ച് ലേലം ചെയ്യുന്നതിനായി പരസ്യപ്പെടുത്തി. ലേല നിബന്ധന 3 പ്രകാരം ഏറ്റവും അധികം തുക ലേലം വിളിക്കുന്ന ആളുടെ പേരിൽ താൽകാലികമായി ലേലം ഉറപ്പിക്കുകയും പഞ്ചായത്ത് അംഗീകാരത്തിനു ശേഷം ലേലം സ്ഥിരപ്പെടുത്തുകയും ചെയ്യും. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ചാൽ 7 ദിവസത്തിനകം 200/- രൂപയുടെ (മാറ്റങ്ങൾക്ക് വിധേയം) മുദ്രപ്പത്രത്തിൽ സ്വന്തം ചെലവിൽ എഗ്രിമെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തപ്പെടുന്നതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു. എന്നാൽ മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ലേലം യഥാസമയം നടത്തി, ശ്രീ.സുരേഷ് ബാബു, നമ്പിടിക്കണ്ടി ഹൌസ്, പനങ്ങാട് (പി.ഒ) ഏറ്റവും അധികം തുകയായ 20600/- രൂപയ്ക്ക് ലേലം വിളിച്ചു. 08/02/2021 തീയതിയിൽ നടത്തിയ സാധാരണ/അടിയന്തിര മീറ്റിംഗിലെ 2(1)/21 നമ്പർ തീരുമാനപ്രകാരം ശ്രീ.സുരേഷ് ബാബുവിന് ലേലം സ്ഥിരപ്പെടുത്തി കൊടുത്തു. ടിയാളിൽ നിന്നും ജി.എസ്.ടി, സെസ്സ് ഉൾപ്പെടെ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ട്. എന്നിരുന്നാലും ലേലം കൊണ്ടയാളുമായി പഞ്ചായത്ത് കരാറിലേർപ്പെടണമെന്ന വ്യവസ്ഥ നമ്പർ 3 പാലിച്ചിട്ടില്ല. നടപടികളിലുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 16 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ

(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവൃത്തിയുടെ എണ്ണം |
|---|---|---|
| 1 | മമ്മൂ | 1 |
| 2 | അനിൽ കുമാർ | 1 |
| 3 | ബിജു.ടി.വി | 15 |

| | | |
|---|---|---|
| 4 | ചന്ദ്രൻ.പി | 38 |
| 5 | പ്രസിഡന്റ്, കാലിക്കറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് | 5 |
| 6 | സുനിൽ കുമാർ. പി | 1 |
| 7 | വിജേഷ്. എം | 44 |
| 8 | സെക്രട്ടറി, ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 3 |
| 9 | ലിജീഷ്. ബി | 21 |
| 10 | അശ്വതി. പി | 1 |
| 11 | സുലൈഖ. എ.എ | 1 |
| 12 | അനിൽ കുമാർ. സി.എം | 22 |
| 13 | സെക്രട്ടറി, ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് ഹൌസിംഗ് സൊസൈറ്റി | 11 |
| 14 | അബിൻ ജോസഫ് | 5 |
| 15 | സെക്രട്ടറി, കാലിക്കറ്റ് സിറ്റി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 6 |
| 16 | ഷാജി രാഘവൻ | 3 |
| 17 | അഷറഫ്. കെ.കെ | 6 |
| 18 | കൺവീനർ ജനകീയ തെരുവ് വിളക്ക് കമ്മറ്റി | 10 |
| 19 | എ.എം. രവീന്ദ്രൻ | 1 |
| 20 | ഇഷാനിജീവൻ | 1 |
| 21 | ബ്രാഞ്ച് മാനേജർ, ജർട്ട് കൊ. ലിമിറ്റഡ് | 2 |
| 22 | സെക്രട്ടറി, IRTC-PIV, മുണ്ടൂർ | 1 |
| 23 | വി.ബി. വിജീഷ് | 1 |
| 24 | അസിസ്റ്റന്റ് മാനേജർ, കെൽട്രോൺ കാലിക്കറ്റ് | 2 |
| 25 | എബിൻ ജോസഫ് | 8 |
| 26 | വിനോദ് കുമാർ. കെ | 7 |
| 27 | അഖിൽ ദിവാകർ | 4 |
| 28 | ജിജോ ചാക്കോ | 7 |
| 29 | കുഞ്ഞാലി | 13 |
| 30 | ശ്രീഹരി. എം.പി | 4 |
| 31 | വി.പി. ശ്രീധരൻ | 12 |
| 32 | സന്ദീപ് കൃഷ്ണൻ | 20 |
| 33 | കെ.പി. മുഹമ്മദ് ഷാഫി | 9 |
| 34 | കെ.കെ. പ്രശാന്തൻ | 9 |
| 35 | മുഹമ്മദ് ഇസ്മായിൽ മക്കി | 4 |
| 36 | സജീർ. പി | 2 |

| | | |
|---|---|---|
| 37 | അബ്ദുൽ മുനീർ. കെ.പി | 2 |
| 38 | അസിസ്റ്റന്റ് മാനേജർ, കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ | 1 |
| 39 | മാനേജർ, KVR Systems, Sales And Service | 1 |

ഓഡിറ്റ് കാലയളവിൽ മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ii) വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് 2020-2021 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയത് വരുമാനത്തിനനുസൃതമല്ലെന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | വരുമാനം (രൂപ) | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ) | ഈടാക്കിയതിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | മിനി മുത്തൂറ്റ് (ആദ്യ അർദ്ധ വാർഷികം) | ശ്രീമതി.രജനി.വി.പി | 31400/- | 300/- | 180/- | 120/- |
| 2 | ഇളവന്തിക്കൽ ജ്വല്ലറി (ആദ്യ അർദ്ധ വാർഷികം) | ശ്രീ. ഇ.എൻ. മുരളി | 30000/- | 300/- | 180/- | 120/- |
| 3 | | ശ്രീമതി. കെ.വി. കോമളം | 30000/- | 300/- | 180/- | 120/- |
| 4 | ഇളവന്തിക്കൽ ജ്വല്ലറി (രണ്ടാം അർദ്ധ വാർഷികം) | ശ്രീ. ഇ.എൻ. മുരളി | 30000/- | 300/- | 180/- | 120/- |
| 5 | | ശ്രീമതി. കെ.വി. കോമളം | 30000/- | 300/- | 180/- | 120/- |
| 6 | പഴശ്ശിരാജ പബ്ലിക്ക് സ്കൂൾ (രണ്ടാം അർദ്ധ വാർഷികം) | ശ്രീ. അരുൺ രവീന്ദ്രൻ | 60000/- | 600/- | 450/- | 150/- |
| 7 | | ശ്രീമതി. ബിന്ദു. എ.കെ | 60000/- | 600/- | 450/- | 150/- |
| 8 | | ശ്രീമതി. ബിന്ദു. സി.പി | 60000/- | 600/- | 450/- | 150/- |

| | | | | | | |
|---|---|---|---|---|---|---|
| 9 | | ശ്രീമതി. ഗിരിജ. പി.സി | 60000/- | 600/- | 450/- | 150/- |
| 10 | | ശ്രീമതി. വിനിത. കെ.പി | 60000/- | 600/- | 450/- | 150/- |
| 11 | | ശ്രീമതി. ബീന. പി | 60000/- | 600/- | 450/- | 150/- |
| 12 | | ശ്രീമതി. ജെസ്ന | 60000/- | 600/- | 450/- | 150/- |
| 13 | | ശ്രീമതി. ജ്യോതിഷ | 60000/- | 600/- | 450/- | 150/- |
| 14 | | ശ്രീമതി. അർച്ചന | 60000/- | 600/- | 450/- | 150/- |
| 15 | | ശ്രീമതി. ഷിനി. സി.കെ | 60000/- | 600/- | 450/- | 150/- |
| 16 | | ശ്രീമതി. നിമിത | 60000/- | 600/- | 450/- | 150/- |
| 17 | | ശ്രീമതി. ഷക്കീല അമൽ | 60000/- | 600/- | 450/- | 150/- |
| 18 | | ശ്രീമതി. വിഷ്ണുപ്രിയ | 60000/- | 600/- | 450/- | 150/- |
| 19 | | ശ്രീമതി. സന്ധ്യ. പി.പി | 60000/- | 600/- | 450/- | 150/- |
| 20 | | ശ്രീമതി. ഐശ്വര്യ | 60000/- | 600/- | 450/- | 150/- |
| | ഈടാക്കാൻ അവശേഷിക്കുന്ന നികുതി - ആകെ(രൂപ) | | | | | 2850/- |

(Iii) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നില്ല.

വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

(Iv) റേഷൻ കടകളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ തനതുഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്.

(V) വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-17 റോഡ് പ്രവൃത്തിക്ക് അധികതുക നല്കി

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്ട് -31/21 മാണിക്കോത്തുകണ്ടി പുലിവലം റോഡ്

എസ്റ്റിമേറ്റ് തുക-550000/- ഫണ്ടിനം -റോഡ് മെയിന്റനൻസ്

പ്രവൃത്തി മൂല്യം -464140/

അവസാനബിൽ തുക-464140/-BRNനമ്പർ-20170752011700984430

കരാറുകാരൻ-ശ്രീനാഥ് എം സി

അളവുപുസ്തകം-310/20-21

റോഡ് പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ ഇനം ഒന്ന് ആയി ചെയ്ത ഒറിജനൽ ഗ്രൗണ്ട് ഇളക്കി ലെവൽ ചെയ്ത് ഉറപ്പിക്കുന്നതിന് 55.75 $M^3$പ്രവൃത്തി ചെയ്തതിന് $M^3$ന് 200/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് കാണുന്നു. അസി.എഞ്ചിനീയർ രേഖപ്പെടുത്തിയത് 62.10$M^3$ന് 12420/-രൂപ

എന്നാണെങ്കിലും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ അളവുപുസ്തകത്തിൽ 55.75 $M^3$ന് 200/-/$M^3$നിരക്കിൽ 50175/-രൂപ എന്നാക്കി മാറ്റിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ഇനത്തിൽ നല്കേണ്ട തുക 11150/-രൂപയാണെന്നിരിക്കെ (55.75X200) തെറ്റായി തുക രേഖപ്പെടുത്തിയത് മൂലം ആകെ പ്രവൃത്തി മൂല്യത്തിൽ 39025/-രൂപ അധികമായി വരികയും ഇതിന് അനുവദിച്ച 12% നികുതി ഉൾപ്പടെ ആകെ 43708/-രൂപ അധികചെലവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ചെക്ക് മെഷർ ചെയ്ത് ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ അപാകത സംഭവിച്ചതെങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും അധികം നല്കിയ 43708/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-18 മരാമത്ത് പ്രവൃത്തിബില്ലുകളിൽ നിന്നും വിവിധ നികുതികൾ ഈടാക്കിയതിൽ കുറവ് വന്നു

നിർവ്വഹണം -അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി,ആദായനികുതി എന്നിവ പിരിച്ചെടുത്തതിൽ കുറവ് വന്നിട്ടുണ്ട്. 12% ജി എസ്.ടി ഉൾപ്പടെയുള്ള ആകെ പ്രവൃത്തിമൂല്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിശ്ചയിക്കേണ്ടത് എന്നിരിക്കെ ജി.എസ്.ടി ഒഴികെയുള്ള പ്രവൃത്തി മൂല്യത്തിനാണ് നികുതി നിശ്ചയിച്ച് ഈടാക്കിയിരിക്കുന്നത്. ആകെ 23965650/-രൂപ വിവിധ നിർമ്മാണ പ്രവൃത്തികൾ തൻ വർഷം വിനിയോഗിച്ചിരിക്കയാൽ താഴെ കൊടുത്ത പ്രകാരം ഇരു നികുതികളിലുമായി ആകെ 51,356 രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നഷ്ടമായിട്ടുണ്ട്.

| | |
|---|---|
| വിവിധ പ്രവൃത്തികളുടെ ആകെ ചെലവ് | 23965650/-രൂപ |
| ഈടാക്കേണ്ട നികുതി- ക്ഷേമനിധി 1% നിരക്കിൽ | 239657 |
| ആദായനികുതി 1% നിരക്കിൽ | 239657 |
| ജി എസ് ടി ഒഴികെയുള്ള പ്രവൃത്തിമൂല്യം | 23965650x100/112= 21397909 |
| ഈടാക്കിയ നികുതി -ക്ഷേമനിധി | 213979 |
| ആദായനികുതി | 213979 |
| നികുതിയിൽ കുറവ് വന്നത്- ക്ഷേമനിധി- | 25678( 239657-213979) |
| ആദായനികുതി | 25678 (239657-213979) |
| ആകെ | 51356 |

കൂടാതെ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിർവ്വഹിച്ച പ്രവൃത്തികൾക്കും ഓഡിറ്റ് വർഷം തുക നല്കിയിട്ടുണ്ട്. കരാറുകാരൻ ഒരു വ്യക്തിയല്ലാത്തതിനാൽ ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്. എന്നാൽ സൊസൈറ്റിയിൽ നിന്നും ഒരുശതമാനം

നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. പ്രവൃത്തികൾക്കുള്ള ചില ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | ആകെ പ്രവൃത്തിമൂല്യം |
|---|---|---|---|
| 1 | 203/21 | ബാലുശ്ശേരി ബസ് സ്റ്റാന്റിൽ ചുറ്റമതിൽ | 647491 |
| 2 | 116/21 | ബസ് സ്റ്റാന്റ് ഓവുചാൽ നിർമ്മാണം | 699361 |

സൊസൈറ്റി നിർവ്വഹിച്ച മറ്റ് പ്രവൃത്തികളുടെ കാര്യത്തിലും അപാകത ഉണ്ടാകാനിടയുള്ളതിനാൽ ഇക്കാര്യം പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

നികുതികൾ ഈടാക്കിയതിൽ വന്ന അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും നികുതിയിനത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഈടാക്കി തുക സർക്കാരുകൾക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്

1-19 ലാപ്പ് ടോപ്പ് വിതരണം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റിന്റെ പേര് -- വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

പ്രോജക്റ്റിന്റെ നമ്പർ -- 4/21

വകയിരുത്തിയ തുക ചെലവ് തുക

എസ്.സി.പി 364680/- Bill No.308/26.02.21 364680/

തനത് ഫണ്ട്- 25320/- Try.5637532/26.2.21 16526/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന 13 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം.

കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് Tvm/ITBG/p1/RC/21703/22.2.21 പ്രകാരം 14 ലാപ് ടോപ്പിന് 381206/-രൂപ അടവാക്കി. 22.09.21ലെ Invoice No: ITP/05252/21-22 പ്രകാരം ലാപ് ടോപ്പുകൾ ലഭ്യമാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.പ്രോജക്റ്റ് പ്രകാരം 13 ലാപ് ടോപ്പുകൾ വാങ്ങാനാണ് ലക്ഷ്യമിട്ടതെങ്കിലും 14 ലാപ്പ് ടോപ്പുകൾ വാങ്ങി.

2.വാങ്ങിയതിൽ 13 ലാപ്പുകൾ മാത്രമാണ് വിതരണം ചെയ്തത്. ബാക്കിയുള്ള ഒരു ലാപ്പ് ടോപ്പ് എന്ത് ചെയ്തു എന്നതു സംബന്ധിച്ച വിവരം ഓഡിറ്റ് അവസാനിക്കുന്നതിനു മുമ്പ് അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.

3.പദ്ധതികാലയളവിനു മുമ്പെ കോഴ്സ് പൂർത്തീകരിച്ചവരായ ആഷിക് ഗോപാൽ.എം, അക്ഷയ.എ.കെ എന്നിവർക്കും ലാപ്പ് ടോപ്പ് നൽകി.

4.പദ്ധതി കാലയളവിൽ കോഴ്സ് പൂർത്തിയാക്കിയ അഞ്ച് വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധിക്കുശേഷമാണ് ലാപ്പ് ടോപ്പ് നൽകിയത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 06/21തിയ്യതി 29.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത ഒരു ലാപ് ടോപ്പിന്റെ വിലയായ 27229/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഷ്ടതുക നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കി അടവാക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-20 കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം-വിതരണവിവരം ലഭ്യമല്ല.

പ്രോജക്ടിന്റെ പേര്,നമ്പർ- കറവപ്പശുക്കൾക്ക് കാലിത്തീറ്റവിതരണം- 47/21

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

വകയിരുത്തിയ തുക-600000/-( പൊതു.വികസനഫണ്ട്)

-600000/-( ഗുണഭോക്തൃവിഹിതം)

ചെലവഴിച്ചതുക -1100580/-

പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ട് വഴി കേരളഫീഡ്സിൽ നിന്നും താഴെകൊടുത്ത ബില്ലുകൾ പ്രകാരം 884 ബേഗ് കാലിത്തീറ്റ വാങ്ങിയതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ/ചെക്ക് നം.തിയ്യതി | ചെലവുതുക | കേരള ഫീഡ്സ് ഇൻവോയ്സ് | തുക | ബേഗിന്റെ എണ്ണം |
|---|---|---|---|---|---|
| 1 | 13/9.2.21 | 166830 | 42168/23.1.21 | 333660 | 268 |
| 2 | 16/15.2.21 | 110805 | 46905/22.2.21 | 186750 | 150 |
| 3 | 20/14.3.21 | 272655 | 47546/26.2.21 | 271410 | 218 |
| 4 | 57629/22.2.21 | 166830 | 47306/24.2.21 | 87150 | 70 |
| 5 | | 110805 | 43228/30.01.21 | 221610 | 178 |
| 6 | 58705/29.3.21 | 43575 | | | |
| 7 | 57659/17.3.21 | 229080 | | | |
| | ആകെ | 1100580 | | 1100580 | 884 |

എന്നാൽ കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വിതരണത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. കാലിത്തീറ്റ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (12/29.4.22) ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് വിവരത്തിന്റെ അഭാവത്തിൽ ചെലവുതുക 1100580/-രൂപ തടസ്സത്തിൽവെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം 20/21

ബിൽ നം 307/25.02.21 തുക- 100000/-(പൊതു.വികസനഫണ്ട്)

ബാലുശ്ശേരി പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി' എന്ന പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പി.ആർ.എഫ്-5615/22.2.21 എന്ന പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് 100000/- രൂപ മരുന്ന് വാങ്ങുന്നതിനായി 25.02.21 ന് അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 27.03.21ലെ 44629നമ്പർ ഇൻവോയ്സ് പ്രകാരം 33727 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബാക്കി 66273/-രൂപയുടെ മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. സർവ്വീസ് കോർപ്പറേഷനുമായി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. പദ്ധതി കാലയളവിലെ അവസാന കാലത്താണ് പണം അടവാക്കിയിട്ടുള്ളത്. പണം അടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭിക്കാത്തതിനും സ്ഥാപനവുമായി കരാർചമച്ചക്കാത്തത് സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് ( 5/29.4.22 )മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും അപാകതക്ക്

മറുപടി ലഭ്യമാക്കേണ്ടതുമാണ്. 66273/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-22 തെരുവ് വിളക്ക് - സ്ഥാപിച്ചവയിൽ അധികവും പ്രവർത്തിക്കുന്നില്ല

(പ്രോജക്ട് നമ്പർ 181/21)

എ) ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയായ ജനകീയ തെരുവ് വിളക്ക് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ ജനകീയ പങ്കാളിത്തത്തോടെ തെരുവ് വിളക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി 17 വാർഡുകളിൽ 170 തെരുവ് വിളക്കുകൾ കെൽട്രോണിൽ നിന്ന് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 935000 രൂപ 2020-21 ൽ ചെലവഴിച്ചു. (ബിൽ നമ്പർ 20170752010700428897/15.08.2020) ഗ്രാമപഞ്ചായത്ത് 16-ാം വാർഡിലെ കോഴിപറമ്പത്ത് മാമ്പൊയിൽ റോഡിൽ 10 വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർ 06.08.2020 ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ രാജൻ മൂടമ്പത്ത് മീത്തൽ കൺവീനറായി 16-ാം വാർഡിൽ ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. തെരുവ് വിളക്ക് വാങ്ങുമ്പോൾ സെക്രട്ടറി കെൽട്രോണുമായി വെച്ച കരാറിലും (Sec/Blsy/23/20 തീയതി 16.01.2020), കമ്മിറ്റി ഗ്രാമപഞ്ചായത്തുമായി വെച്ച കരാറിലും, തെരുവ് വിളക്കുകൾക്ക് ഒരു വർഷത്തെ വാറന്റി ഉണ്ടെന്നും, ഈ കാലയളവിൽ കേട് പറ്റിയാൽ, അത് പരിഹരിക്കേണ്ടത് വിതരണം ചെയ്ത സ്ഥാപനമായിരിക്കണമെന്നും വ്യക്തമാക്കുന്നു.

16-ാം വാർഡിലെ കുനഞ്ചേരി പ്രദേശത്തെ നിവാസികൾ 18.11.2020 ന് നൽകിയ പരാതിയിൽ (A13/9405/2020) ആറ് മാസങ്ങൾക്ക് മുമ്പ് വെച്ച തെരുവ് വിളക്കുകളിൽ 10 എണ്ണത്തിൽ 8 എണ്ണവും ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. സ്ഥാപിച്ച് 6 മാസത്തിനകം കേടായി തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ച യാതൊരു രേഖയും ഫയലില്ല.

ബി) 2019-20 വർഷത്തെ പദ്ധതി സ്പിൽ ഓവറായി നടപ്പാക്കിയതാണ് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പ്രോജക്ട്. (പ്രോജക്ട് നമ്പർ 189/21). ഇതിന്റെ ഭാഗമായി കെൽട്രോണിൽ നിന്ന് ബിൽ നമ്പർ 20170782010701345240/24.03.2021 തുക 4 ലക്ഷം രൂപ, 20170782010701345401/30.03.2021 തുക 295200 രൂപ ഉൾപ്പെടെ ആകെ 695200 രൂപയ്ക്ക് 240 എൽ ഇ.ഡി ബൾബുകൾ വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.02.2022 ന് കെൽട്രോൺ യൂണിറ്റ് ഹെഡിന് അയച്ച എ7-5550/21 നമ്പർ കത്തിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ച തെരുവ് വിളക്കുകളിൽ 96 എണ്ണം പ്രവർത്തനരഹിതമാണെന്ന് അറിയിച്ചു. അത് അടിയന്തിരമായി നന്നാക്കി തരണമെന്ന് ആവശ്യപ്പെട്ടെങ്കിലും നാളിത് വരെ റിപ്പയർ ചെയ്തിട്ടില്ല. ഒരു സർക്കാർ ഏജൻസിയായ കെൽട്രോണിൽ നിന്ന് ഉണ്ടായിട്ടുള്ള ഇത്തരം നടപടി ഗുരുതരമായ വീഴ്ചയാണ്. തെരുവ് വിളക്ക് നന്നാക്കാൻ സത്വര നടപടി ഉടനടി സ്വീകരിക്കേണ്ടതാണ്.

1-23 റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചു

നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനായി അനുവദിക്കപ്പെടുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് ഓഡിറ്റ് വർഷത്തിൽ പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിൽ തുക വകമാറ്റി നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾക്കുള്ള ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 212/21 | കോക്കല്ലൂർ സ്മാർട്ട് ഹോസ്പിറ്റൽ തൈക്കണ്ടിപ്പാറ കോക്കല്ലൂർ കുളം റോഡ് | 704500 | 605329 |
| 2 | 31/21 | മാണിക്കോത്ത് മുക്ക് പുലിവാലം റോഡ് | 555000 | 464140 |

| | | | | |
|---|---|---|---|---|
| 3 | 211/21 | കപ്പറമ്പിൽ കണ്ടോത്ത്മുക്ക് റോഡ് | 500000 | 265828 |
| 4 | 156/21 | കാറലാങ്കണ്ടിവെള്ളിലാക്കുന്ന് തരിപ്പാക്കനിമലറോഡ് പൂർത്തീകരണം | 704500 | 703088 |

സംസ്ഥാന ബജറ്റിൽ നിലവിലെ റോഡുകളുടെ നവീകരണത്തിനായി അനുവദിച്ച തുക അക്കാര്യത്തിന് വിനിയോഗിക്കാതെ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് വിനിയോഗിച്ചത് ഫണ്ടിന്റെ വകമാറ്റവും അതുവഴി അപ്രോപ്രിയേഷൻ ആക്ടിന്റെ ലംഘനവുമാണ്. തുക വകമാറ്റിയതിനും നിയമലംഘനം നടത്തിയതിനും വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ഓഡിറ്റ് വർഷം ഇപ്രകാരം വകമാറ്റി വിനിയോഗിച്ച മുഴുവൻ ഫണ്ടും എത്രയെന്ന് പരിശോധിച്ച് അത്രയും തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി വിവരം അറിയിക്കേണ്ടതുമാണ്.

## 1- 24 റോഡ് ടാറിംഗ്- കൂടുതൽ ഗുണമുള്ളതും ചെലവ് കുറഞ്ഞതുമായ ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനുമുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി എം സ്ക്വയർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS)എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്നതരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്,ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mmഉം കുറഞ്ഞത് -6 Mmമാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations)

മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്മത(undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mmഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്മത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളിൽ അവലംബിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

1-25 എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം -പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാകുന്നതെങ്ങിനെയെന്ന് വ്യക്തമല്ല.

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിരിക്കുന്നത് അപൂർണ്ണമായാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ.

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

കെട്ടിടങ്ങളുടെയും, നിർമ്മിതിയുടേയും, അറ്റകുറ്റപ്പണികളുടേയും കാര്യത്തിൽ മേൽ പോരായ്മകൾ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ കാണുന്നു.

ഇപ്രകാരം പോരായ്മകൾ ഉള്ള എസ്റ്റിമേറ്റിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നല്കുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് എസ്റ്റിമേറ്റുകൾ മടക്കുന്നതായും കാണുന്നില്ല. അപൂർണ്ണമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കിവരുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രൊജക്ടുകൾ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമാകുക, പ്രൊജക്ട് പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഉപയോഗം സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാകുക തുടങ്ങിയ ആസൂത്രണ ലക്ഷ്യങ്ങൾ ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഇത് മൂലം കഴിയുന്നില്ല. കോക്കല്ലൂര് സബ്സെന്റർ നിർമ്മാണത്തിനുള്ള 100/21നമ്പർ പ്രൊജക്ട്

ഭാഗികമായി ആസൂത്രണം ചെയ്ത പ്രൊജക്ടിന് മികച്ച ഉദാഹരണമാണ്. 2018-19വർഷത്തിൽ ബേസ്മെന്റ് വരെ നിർമ്മിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിച്ച കെട്ടിടത്തിന്റെ കാര്യത്തിൽ ഓഡിററ് വർഷം മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതുവരെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കി ഭാഗികമായി തുക ചെലവഴിച്ചിരിക്കുകയാണ്. കെട്ടിടം ഉപയോഗപ്പെടുത്താൻ നിരവധി പ്രൊജക്ടുകളും, നീണ്ട കാലവിളംബവും ഇനിയും ഉണ്ടാകേണ്ടതുണ്ടെന്ന് കാണാം.

ഭാഗിക നിർമ്മിതി മൂലം പ്രൊജക്ട് ലക്ഷ്യം കൈവരിക്കാനാവാതെ ഹ്രസ്വകാലത്തേക്കോ, എന്നന്നേക്കുമായോ ധനനഷ്ടത്തിന് കാരണമാകുകയെന്ന ഗുരുതര വീഴ്ച ഇതുമൂലം സംജാതമാകുന്നുണ്ട്. സാങ്കേതികാനുമതി നല്കുമ്പോൾ തന്നെ എസ്റ്റിമേറ്റുകളുടെ സമഗ്രത ഉറപ്പുവരുത്തിയിരുന്നെങ്കിൽ മേൽ സാഹചര്യം ഒഴിവാക്കാമായിരുന്നു. എസ്റ്റിമേറ്റുകളുടെ സമഗ്രത സംബന്ധിച്ച സാങ്കേതികാനുമതി നല്കുന്ന ഉദ്യോഗസ്ഥന്റെ അജ്ഞതയുള്ള ഒരു കാരണം അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ടാണെന്നു കാണാം. കൂടാതെ, വരും വർഷങ്ങളിൽ മേൽ ആസ്തികളുടെ കാര്യത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് അജ്ഞതയുണ്ടാകാനും അപൂർണ്ണമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഇടയാക്കുന്നു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഈ വീഴ്ചകൾക്ക് കാരണം അസി.എഞ്ചിനീയറാകയാൽ അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ അപാകതകൾ തിരുത്താനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്

1- 26 ഇ ടെണ്ടർ ഫീസ്- പഞ്ചായത്ത് ഫണ്ടിലേക്ക് തുക ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

2014-15വർഷം മുതൽ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരെ കണ്ടെത്തുന്നതിന് ഇ ടെണ്ടർ സംവിധാനം സ്ഥാപനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ ഇനത്തിൽ ലഭിച്ച ടെണ്ടർ ഫീസ് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ടെണ്ടർ സംവിധാനത്തിന്റെ ആദ്യ ഘട്ടത്തിൽ ടെണ്ടർ ഫീസ്, ഇതിനായി പ്രത്യേകം ആരംഭിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കപ്പെട്ടിരുന്നത്. കൃത്യമായ വിവരങ്ങൾ നല്കി ആവശ്യപ്പെടുന്ന മുറയ്ക്ക് വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മേൽ തുക അനുവദിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. നിലവിൽ ഓരോ അസി.എഞ്ചിനീയറും ഓരോ സ്ഥാപനത്തിനും പ്രത്യേക അക്കൗണ്ട് തുടങ്ങി ടെണ്ടർ ഫീസ് ടെണ്ടർ സമയത്ത് ഈ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടണം .

എന്നാൽ 2014-15 വർഷം മുതൽ സ്ഥാപനത്തിൽ നിന്നും ഇ ടെണ്ടർ ചെയ്ത ഒരു പ്രവൃത്തിയുടേയും ഫീസ് നാളിതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. 2021 നവംബർ വരെ ആകെ 656962/-രൂപ ഫീസ് ഇനത്തിൽ സ്ഥാപനത്തിന് ലഭിക്കാനുണ്ടെന്ന് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ കാണിക്കുന്നു.ഇതിൽ 220726/-രൂപ ഓഡിറ്റ് വർഷത്തെ മാത്രം ഫീസാണ്. കൂടാതെ നിലവിലും ഇ-ടെണ്ടർ നടത്തുമ്പോൾ സ്വന്തം അക്കൗണ്ടിലേക്ക് ഫീസ് വരുന്ന വിധത്തിലുള്ള സംവിധാനം ഇ ടെണ്ടർ സംവിധാനത്തിൽ ഒരുക്കിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും ടെണ്ടർ ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതമാണ്

1- 27 മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ കാലഹരണപ്പെട്ടത്

നിർവ്വഹണം – അസി എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. പ്രധാനമായും ടെണ്ടർ നടപടിയിലൂടേയാണ് നിർവ്വഹണം നടത്തിയതെങ്കിലും

അക്രഡിറ്റഡ് ഏജൻസി വഴിയും നിർവ്വഹണം നടന്നിട്ടുണ്ട്. രണ്ട് രീതിയിൽ നിർവ്വഹിക്കപ്പെട്ടവയുടെ കാര്യത്തിലും മേൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്. ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം,പ്രവൃത്തിയുടെ അളവുകൾ,കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും (DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും (DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു. 2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. കൂടാതെ പിഴ സംബന്ധിച്ചും അക്രഡിറ്റഡ് ഏജൻസിയുമായി വച്ച കരാറുകളിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുമില്ല.

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. പ്രൊജക്ടിൽ ഏകവർഷ പ്രൊജക്ടെന്ന് രേഖപ്പെടുത്തുകയും പ്രൊജക്ടിന്റെ കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഏകവർഷ

പ്രൊജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന വസ്തുത എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1- 28 ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ വാങ്ങൽ നടപടികൾ സുതാര്യമല്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ താഴെ കൊടുത്ത പ്രോജക്ടുകളിലൂടെയുള്ള സാധനങ്ങളുടെ വാങ്ങലുകളിൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര്,നമ്പർ | അങ്കണവാടി ഉപകരണങ്ങളും ഫർണ്ണീച്ചറുകളും 122/21 | വയോജനങ്ങൾക്ക് കട്ടിൽ-ജനറൽ 178/21 | വയോജനങ്ങൾക്ക് കട്ടിൽ -ജനറൽ 167/21 |
|---|---|---|---|
| വകയിരുത്തിയതുക, ഫണ്ടിനം | 200000/-(MG-NR) | 59500/- (വി.ഫണ്ട്-പൊതു) | 347420/- (വി.ഫണ്ട്-പൊതു) |
| ചെലവു വിവരം | ബിൽ നം.31/11.4.20-86188/- | ബിൽ നം.140/15.9.20-59475/- | ബിൽനം.379 /29.03.21--345660/- |
| അപാകതകൾ | 29പീജിയൻ മിക്സികൾ വാങ്ങി അങ്കണവാടികളിൽ വിതരണം ചെയ്തു. കുറഞ്ഞ തുകയായ 2625/-രൂപ ക്വാട്ട് ചെയ്ത സ്ഥാപനമായ ഹെഡ്കോ മലബാർ | കട്ടിൽ വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കുകളായ 2942/-,3100/-എന്നിവ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളായ കെ.പി.ഫർണ്ണീച്ചർ, ജാസ് ഇൻഡസ്ട്രീസ് | കട്ടിൽ വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ തുക 2942/-രൂപ ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസിന് സപ്ളൈ ഓർഡർ നൽകിയില്ല. 3292/-രൂപ ക്വാട്ട് |

| | | | |
|---|---|---|---|
| | ആർക്കേഡിന് സപ്ളൈ ഓർഡർ നൽകിയിട്ടും എഗ്രിമെന്റ് വെച്ചില്ല. ആയതിനാൽ തൊട്ടടുത്ത തുക 2972/-രൂപ ക്വാട്ട് ചെയ്ത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സാധനങ്ങൾ വാങ്ങി. എന്നാൽ ഹെഡ്കോ മലബാർ ആർക്കേഡിന്റെ ഇ.എം.ഡി.കണ്ടു കെട്ടുകയോ ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദിത്തം കണക്കാക്കി അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. | എന്നിവരുടെ ഓഫർ സ്വീകരിക്കാതെ അതിനുമുകളിലുള്ള നിരക്കായ 3642/- ക്വാട്ട് ചെയ്ത ഫിഡ്കോ എന്റർപ്രൈസസിന് സപ്ളൈ ഓർഡർ നൽകി. ലോവസ്റ്റ് നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുക്കുന്നതിന് സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി യെങ്കിലും തീരുമാനം കൈകൊണ്ടതായി കാണുന്നില്ല. | ചെയ്ത ഫിറ്റ് വെൽ തൃശ്ശൂർ എന്ന സ്ഥാപനത്തിന് ഓർഡർ നൽകി. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തില്ല. |

നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നടപടിക്രമ പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1- 29 ഹരിതകർമ്മസേന-വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ സുതാര്യമല്ല.

പ്രോജക്ടിന്റെ പേര്,നമ്പർ- ഹരിതകർമ്മസേന-അവശ്യവസ്തുക്കൾവാങ്ങൽ- 40/21

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ.

വകയിരുത്തിയ തുക-500000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ചതുക 199500/-

സാധനങ്ങൾ വിൽക്കുന്നതിലൂടെയും യൂസർഫീയിനത്തിലും ലഭിക്കുന്ന വരുമാനം തികയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഹരിതസേനാംഗങ്ങൾക്ക് വി.ജി.എഫ് ഉപയോഗപ്പെടുത്തി ബാക്കി വേതനം നൽകാവുന്നതാണ്. വി.ജി.എഫ് ഉപയോഗപ്പെടുത്തി നൽകിയ

വേതനത്തിന്റെ ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തിയ്യതി | ചെലവുതുക | വേതനം നൽകിയ മാസം | ഹരിതകർമ്മസേനയുടെ എക്കൌണ്ടിലെ നീക്കിയിരുപ്പ്(Balussery Co-op Bank A/C No:12095) |
|---|---|---|---|---|
| 1 | 4/27.8.20 | 65400 | 7/20 | 31.07.20-30007 |
| 2 | 5/15.9.20 | 73500 | 8/20 | 31.08.20-89087 |
| 3 | 6/12.1020 | 60600 | 9/20 | 30.9.20-128122 |

ഫയൽ പരിശോധിച്ചതിൽ വി.ജി.എഫ്.ഉപയോഗിച്ച് വേതനം നൽകുമ്പോൾ തയ്യാറാക്കി സൂക്ഷിക്കേണ്ട കണക്കുകൾ തയ്യാറാക്കി അർഹത പരിശോധിക്കപ്പെടാതെയാണ് വേതനം നൽകിയത് എന്ന് കാണുന്നു.

ഓരോ മാസത്തെയും വേതനവിവരങ്ങൾ അംഗത്തിന്റെ പേര്, ജോലി ചെയ്ത മാസം, ഹാജരായദിവസം, ആകെവേതനം, തനത് ഫണ്ട് ഉപയോഗിച്ച് നൽകിയ വേതനം, ബാക്കി നൽകാനുള്ള വേതനം, വി.ജി.എഫ്. ഉപയോഗിച്ച് നൽകുന്നത് എന്നിവ ഉൾപ്പടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/29.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും കണക്കുകളുടെയും അഭാവത്തിൽ ചെലവുതുക 199500/- തടസ്സത്തിൽ വെക്കുന്നു. കണക്കുകളും മറുപടിയും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപയുമാണ് മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. മേൽ കാരണങ്ങളാൽ തനത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | കെട്ടിട നമ്പർ തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര്,മേൽവിലാസം | സഞ്ചയ സ്പ്പോറ്റ് വെയർ പ്രകാരമുള്ള തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|---|---|
| 1 | 7/1273 A 1 – A24 | മിസ്രി അൽത്താഫ് നെടുങ്കണ്ടത്തിൽ നെടിയനാട്, നരിക്കുനി | തറ നില – 215.29 $M^2$<br>ഒന്നാം നില – 94.33 $M^2$<br>രണ്ടാം നില – 187.65 $M^2$<br>497.27 $M^2$ | 497.27 M2 |
| 2 | 7/359 -A മുതൽ 7/359 – P വരെ | | തറ നില – 503.44 $M^2$<br>ഒന്നാം നില – 379.64 $M^2$<br>രണ്ടാം നില -48.28 $M^2$<br>931.36 $M^2$ | 931.36 $M^2$ |

ക്രമനമ്പർ (1) പ്രകാരമമുള്ള വാണിജ്യകെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയുണ്ട്. സെക്ഷനിൽ നിന്ന് ഫയൽ ലഭ്യമല്ലാത്തതിനാൽ ഫയൽ നമ്പർ - A3/848/2021/15/01/2021 പ്രകാരമുള്ള ഓണർഷിപ്പ്ചെയ്ഞ്ചിന്റെ ഫയലിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സ്പ്പോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണവും,നിർണ്ണയിച്ച തറവിസ്തീർണ്ണവും 497.27ച.മീ ആണ്. (എന്നാൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപ എന്ന് കണക്കാക്കിയതിനാൽ) 200$m^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് ബാധകമായഅടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപ എന്ന് കണക്കാക്കാതെ 17058/- രൂപ വസ്തുനികുതി ഇനത്തിലും 853/-രൂപ ലൈബ്രറി സെസ് ഇനത്തിലും 2015 ഒന്നാം അർദ്ധ വർഷം മുതൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു,

| നിർണ്ണയിച്ച നികുതി | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|
| (215.29 X40+20% = 10334)<br>(94.33 X40-5%+20% =4301)<br>187.65 X40+20%-10%=8105) | (215.29 X70+20% = 18084)<br>(94.33 X70-5%+20% =7528)<br>187.65 X70+20%-10% = 14186)+5% | 39798+1990-22740 +1137 |
| 22740 +1137 | 39798+1990 | 17058+853 |

2020-21 വരെ ഈ ഇനത്തിൽ 1,02,348/- രൂപ വസ്തുനികുതി ഇനത്തലും, 5118/-രൂപ ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമ നമ്പർ 2 പ്രകാരമുള്ള കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരവും, സഞ്ചയ സ്പ്പോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരവും,നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരവും 931.36 ച.മീറ്റർ തറവിസ്തീർണ്ണമുള്ള

വാണിജ്യകെട്ടിടമാണ്. പ്രസ്തുത കെട്ടിടത്തിന് 200 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 70/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരമുള്ള ഫോം 6 ൽ തറയുടെ നിർമ്മാണം 100% മേൽത്തരം തടി,ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് മറ്റ് വിലയേറിയ വസ്തുക്കൾ എന്ന് കണക്കാക്കിയായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ പല റൂമുകളായി തരം തിരിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് നികുതി ഈടാക്കുന്നതിൽ പ്രതിഫലിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 2020-21 വർഷം 9779/രൂപ വസ്തുനികുതിയിലും, ഗ്രന്ഥശാലാവരി ഇനത്തിൽ 489/-രൂപയും നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/2020-21 /30.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല

മേൽ കെട്ടിടങ്ങളുടെയും, 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനപരിശോധിച്ച് പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കേണ്ടതും, പൂർണ്ണമായ തറവിസ്തീർണ്ണത്തിനും,ഓരോ കെട്ടിടത്തിനും ബാധകമായ വർദ്ധനവ്/ഇളവ് എന്നിവ ഉൾപ്പെടെയാണ് നികുതി നിർണയിച്ചിട്ടുള്ളതെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും,നഷ്ടം വന്ന തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 2-2 വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്ന് 2020-2021 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയത് വരുമാനത്തിനനുസൃതമായിട്ടില്ല. പഞ്ചായത്തിനുണ്ടായ നികുതി നഷ്ടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | വരുമാനം (രൂപ) | ഈടാക്കേണ്ടിയിരുന്ന നികുതി (രൂപ) | ഈടാക്കിയ നികുതി (രൂപ) | ഈടാക്കിയതിൽ കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | മിനി മുത്തൂറ്റ് (ആദ്യ അർദ്ധ വാർഷികം) | ശ്രീമതി.രജനി.വി.പി | 31400/- | 300/- | 180/- | 120/- |
| 2 | ഇളവന്തിക്കൽ ജ്വല്ലറി (ആദ്യ അർദ്ധ വാർഷികം) | ശ്രീ. ഇ.എൻ. മുരളി | 30000/- | 300/- | 180/- | 120/- |
| 3 | | ശ്രീമതി. കെ.വി. കോമളം | 30000/- | 300/- | 180/- | 120/- |
| 4 | ഇളവന്തിക്കൽ ജ്വല്ലറി (രണ്ടാം അർദ്ധ വാർഷികം) | ശ്രീ. ഇ.എൻ. മുരളി | 30000/- | 300/- | 180/- | 120/- |
| 5 | | ശ്രീമതി. കെ.വി. കോമളം | 30000/- | 300/- | 180/- | 120/- |
| 6 | പഴശ്ശിരാജ | ശ്രീ. അരുൺ രവീന്ദ്രൻ | 60000/- | 600/- | 450/- | 150/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | പബ്ലിക്ക് സ്കൂൾ (രണ്ടാം അർദ്ധ വാർഷികം) | ശ്രീമതി. ബിന്ദു. എ.കെ | 60000/- | 600/- | 450/- | 150/- |
| 8 | | ശ്രീമതി. ബിന്ദു. സി.പി | 60000/- | 600/- | 450/- | 150/- |
| 9 | | ശ്രീമതി. ഗിരിജ. പി.സി | 60000/- | 600/- | 450/- | 150/- |
| 10 | | ശ്രീമതി. വിനിത. കെ.പി | 60000/- | 600/- | 450/- | 150/- |
| 11 | | ശ്രീമതി. ബീന. പി | 60000/- | 600/- | 450/- | 150/- |
| 12 | | ശ്രീമതി. ജെസ്ന | 60000/- | 600/- | 450/- | 150/- |
| 13 | | ശ്രീമതി. ജ്യോതിഷ | 60000/- | 600/- | 450/- | 150/- |
| 14 | | ശ്രീമതി. അർച്ചന | 60000/- | 600/- | 450/- | 150/- |
| 15 | | ശ്രീമതി. ഷിനി. സി.കെ | 60000/- | 600/- | 450/- | 150/- |
| 16 | | ശ്രീമതി. നിമിത | 60000/- | 600/- | 450/- | 150/- |
| 17 | | ശ്രീമതി. ഷക്കീല അമൽ | 60000/- | 600/- | 450/- | 150/- |
| 18 | | ശ്രീമതി. വിഷ്ണുപ്രിയ | 60000/- | 600/- | 450/- | 150/- |
| 19 | | ശ്രീമതി. സന്ധ്യ. പി.പി | 60000/- | 600/- | 450/- | 150/- |
| 20 | | ശ്രീമതി. ഐശ്വര്യ | 60000/- | 600/- | 450/- | 150/- |
| | ഈടാക്കാൻ അവശേഷിക്കുന്ന നികുതി - ആകെ(രൂപ) | | | | | 2850/- |

ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് പ്രവൃത്തിക്ക് അധികം തുക നൽകി

നിർവ്വഹണം- അസി.എഞ്ചിനീയർ

പ്രൊജക്ട് -31/21 മാണിക്കോത്തുകണ്ടി പുലിവലം റോഡ്

എസ്റ്റിമേറ്റ് തുക-550000/- ഫണ്ടിനം -റോഡ് മെയിന്റനൻസ്

പ്രവൃത്തി മൂല്യം -464140/

അവസാനബിൽ തുക-464140/-BRNനമ്പർ-20170752011700984430

കരാറുകാരൻ-ശ്രീനാഥ് എം സി

അളവുപുസ്തകം-310/20-21

റോഡ് പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ ഇനം ഒന്ന് ആയി ചെയ്ത ഒറിജനൽ ഗ്രൗണ്ട് ഇളക്കി ലെവൽ ചെയ്ത് ഉറപ്പിക്കുന്നതിന് 55.75 $M^3$പ്രവൃത്തി ചെയ്തതിന് $M^3$ന് 200/- രൂപ നിരക്കിൽ തുക

അനുവദിച്ചിട്ടുണ്ടെന്ന് കാണുന്നു. അസി.എഞ്ചിനീയർ രേഖപ്പെടുത്തിയത് 62.10$M^3$ന് 12420/-രൂപ എന്നാണെങ്കിലും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ അളവുപുസ്തകത്തിൽ 55.75 $M^3$ന് 200/-/$M^3$നിരക്കിൽ 50175/-രൂപ എന്നാക്കി മാറ്റിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ഇനത്തിൽ നല്കേണ്ട തുക 11150/-രൂപയാണെന്നിരിക്കെ (55.75X200) തെറ്റായി തുക രേഖപ്പെടുത്തിയത് മൂലം ആകെ പ്രവൃത്തി മൂല്യത്തിൽ 39025/-രൂപ അധികമായി വരികയും ഇതിന് അനുവദിച്ച 12% നികുതി ഉൾപ്പടെ ആകെ 43708/-രൂപ അധികചെലവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ചെക്ക് മെഷർ ചെയ്ത് ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ അപാകത സംഭവിച്ചതെങ്ങിനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും അധികം നല്കിയ 43708/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-2 ലാപ്പ് ടോപ്പ് വിതരണം -- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് -- വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ

പ്രോജക്ടിന്റെ നമ്പർ -- 4/21

| വകയിരുത്തിയ തുക | ചെലവ് തുക |
|---|---|
| എസ്.സി.പി 364680/- | Bill No.308/26.02.21 364680/ |
| തനത് ഫണ്ട്- 25320/- | Try.5637532/26.2.21 16526/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിൽ താമസക്കാരായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന 13 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുകയാണ് ലക്ഷ്യം.

കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് Tvm/ITBG/p1/RC/21703/22.2.21 പ്രകാരം 14 ലാപ് ടോപ്പിന് 381206/-രൂപ അടവാക്കി. 22.09.21ലെ Invoice No: ITP/05252/21-22 പ്രകാരം ലാപ് ടോപ്പുകൾ ലഭ്യമാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.പ്രോജക്ട് പ്രകാരം 13 ലാപ് ടോപ്പുകൾ വാങ്ങാനാണ് ലക്ഷ്യമിട്ടതെങ്കിലും 14 ലാപ്പ് ടോപ്പുകൾ വാങ്ങി.

2.വാങ്ങിയതിൽ 13 ലാപ്പുകൾ മാത്രമാണ് വിതരണം ചെയ്തത്. ബാക്കിയുള്ള ഒരു ലാപ്പ് ടോപ്പ് എന്ത് ചെയ്തു എന്നതു സംബന്ധിച്ച വിവരം ഓഡിറ്റ് അവസാനിക്കുന്നതിനു മുമ്പ് അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിട്ടും മറുപടി ലഭ്യമാക്കിയിട്ടില്ല.

3.പദ്ധതികാലയളവിനു മുമ്പെ കോഴ്സ് പൂർത്തീകരിച്ചവരായ ആഷിക് ഗോപാൽ.എം, അക്ഷയ.എ.കെ എന്നിവർക്കും ലാപ്പ് ടോപ്പ് നൽകി.

4.പദ്ധതി കാലയളവിൽ കോഴ്സ് പൂർത്തിയാക്കിയ അഞ്ച് വിദ്യാർത്ഥികൾക്ക് കോഴ്സ് കാലാവധിക്കുശേഷമാണ് ലാപ്പ് ടോപ്പ് നൽകിയത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 06/21തിയ്യതി 29.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്യാത്ത ഒരു ലാപ് ടോപ്പിന്റെ വിലയായ 27229/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നഷ്ടതുക നിർവ്വഹണോദ്യോഗസ്ഥനിൽനിന്നും ഈടാക്കി അടവാക്കേണ്ടതും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 23.04.2022 ,25.04.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 144000 | നെല്ല് കൃഷിക്ക് കൂലിചെലവ് സബ്സിഡി | 144000 |
| | 2020-21 | 1165000 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 1165000 |
| | 2020-21 | 1060000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 1060000 |
| | 2020-21 | 183530 | സുഫലം | 18350 |
| | 2020-21 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 |
| | ആകെ | 2802530 | | 2802530 |
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2020-21 | 132000 | നെല്ല് കൃഷിക്ക് കൂലിചെലവ് സബ്സിഡി | 132000 |
| | 2020-21 | 325000 | ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 325000 |
| | 2020-21 | 1080000 | ലൈഫ് ഭവനപദ്ധതി ജനറൽ | 1080000 |

| | | | | |
|---|---|---|---|---|
| | | | | |
| | 2020-21 | 20000 | സുഫലം | 20000 |
| | 2020-21 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 |
| | 2020-21 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 |
| | 2020-21 | 137500 | മുട്ടഗ്രാമം | 137500 |
| | ആകെ | 2144500 | | 2144500 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | ജലജീവൻ മിഷൻ | 22001194/ 24-02-21 | 4,65,000 | 0 | 4,65,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | 0 | 84,37,987 | 10,10,158 | | 74,27,829 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2902770 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 289855 |
| ആകെ | 3192625 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3192625 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | റീജിയണൽ കോപ്പറേറ്റീവ് കോപ്പറേറ്റീവ് ബാങ്ക് ബാലുശ്ശേരി | 25.04.2020 | 12 മാസം | 706268 |
| 2 | ബാലുശ്ശേരി കോപ്പറേറ്റീവ് അർബൻ ബാങ്ക് | 20.01.2021 | 12 മാസം | 1688489 |
| 3 | കെ.ഡി.സി ബാങ്ക് | 29.04.2020 | 12 മാസം | 794868 |
| 4 | ഡിസ്ട്രിക്റ്റ് കൊപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | - | - | 2,500 |
| 5 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ | - | - | 500 |
| ആകെ | | | | 3192625 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30 (1), (2), | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തടസ്സം തുടരുന്നു |

| | | | |
|---|---|---|---|
| 30(5) | | | |
| 1999-00, 33 | 2003-04, 11.13.5.7 | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | തടസ്സം തുടരുന്നു |
| 2000-01 | 2003-04, 11.14 | എടക്കടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 2001-02 | 2003-04, 11.14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | തടസ്സം തുടരുന്നു |
| 1999-00 | 2003-04, 11.14 | പൊന്നരം തെരു-പൂനത്തറ റോഡ് അപാകതകൾ. | തടസ്സം തുടരുന്നു |
| 2002-03, 2-2 | 2006-07, 3.79.4.5 | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |
| 2002-03, 3-4 | 2006-07, 3.79.17.8 | ജെ.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | തടസ്സം തുടരുന്നു |
| 2014-15, 2-2 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84428685 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88138611 |
| വരവിനങ്ങളിലുള്ള നഷ്ടം | 13118 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70937 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,58,126/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 2-1 | 10268 | | ശ്രീ.മനോജ്കുമാർ.കെ.ടി, സെക്രട്ടറി |
| 2-2 | 2850 | | ശ്രീ.മനോജ്കുമാർ.കെ.ടി, സെക്രട്ടറി |
| 3-1 | - | 43708 | ശ്രീ.ലിജിന എം അസി.എഞ്ചിനീയർ |
| 3-2 | - | 27229 | ശ്രീ വിനോദ്കുമാർ കെ.പി അസിസ്റ്റന്റ് സെക്രട്ടറി |
| | 10268 | 70937 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1100580 | ഡോ.സക്കിയ.പി, വെറ്ററിനറിസർജൻ |
| 1-21 | 66723 | ശ്രീമതി.ഹെലനമോൾ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-28 | 86188<br>59475 | ശ്രീമതി.ലക്ഷ്മി.ടി.കെ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| | 345660 | ശ്രീമതി.പ്രമീള.കെ,ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-29 | 199500 | ശ്രീമതി.രാധിക.പി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | 18,58,126/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| ഖണ്ഡിക 2-1 | ഗ്രന്ഥശാലാവരി | 489/- രൂപ |
| ഖണ്ഡിക 1-18 | ക്ഷേമനിധി | 25678/-രൂപ |
| ഖണ്ഡിക 1-18 | ആദായനികുതി | 25678/-രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മനോജ്കുമാർ.കെ.ടി, സെക്രട്ടറി | സെക്രട്ടറി ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | പുത്തൻപുരക്കൽ വീട് കല്ലനോട് പി.ഒ പേരാമ്പ്ര |
| ശ്രീമതി ലിജിന എം അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | അനിയംതരി വീട് മൂലാട് പി.ഒ,നടുവണ്ണൂർ |

| | | |
|---|---|---|
| ശ്രീ.വിനോദ്കുമാർ.കെ.പി<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>ബാലുശ്ശേരി<br>ഗ്രാമപഞ്ചായത്ത് | നീലാംബരി വീട്<br>കിനാലൂർ,ബാലുശ്ശേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/1390/2019(1)തീയതി 05.08.2019 | 1 | 41 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/1390/2019(2)തീ. 05.08.2019 | 2 | 30,33 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/1390/2019(4)തീ.05.08.2019 | 4 | 5,9,10,11 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/1390/2019(6)തീയതി 05.08.2019 | 1 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/1390/2019(7)തീ. 05.08.2019 | 2 | 2-2, 3-4 |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(8)തീ. 05.08.2019 | 1 | 3-3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(9)തീ. 05.08.2019 | 3 | 3-6, 3-7, 4-2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(10)തീ.05.08.2019. | 4 | 3-3, 3-6, 3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1635/2017തീയതി 03.11.2017 | 12 | 2-3,2-5, 2-13, 2-14, 2-15, 3-1, 3-2,3-15(1), (4), (8), 3-17,3-18,3-19,3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1023/2019തീയതി 09.07.2019 | 14 | 3-5, 3-6, 3-7, 3-16, 3-17, 3-18,3-20,3-22,3-24, 3-26, 3-27, 3-28, 3-29 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/ 823/13 തീയതി 13.08.2013 | 6 | 3-2, 3-9, 3-11, 3-12, 3-13, 4-3 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1671/12 തീയതി 12.02.2013 | 11 | 1-2,1-3, 2-1, 2-3(1), 2-3(2), 2-4,2-5,3-5,3-6, 3-7, 3-8 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1863/13 തീയതി 12.04.2013 | 16 | 2-5,2-6,3-1,3-2,3-4,3-6, 3-8,3-9,3-10,3-12,3-14, 3-15, 3-16, 3-17, 3-18, 4-3 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1507/14(2) തീയതി 07.11.2014 | 16 | 1-3, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-13, 3-14, 3-15, 3-16, 3-17, 4-1, 4-2, 4-3 |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/964/2019 തീ.09.07.2019 | 23 | 2-2,2-3,2-5,3-2,3-3,3-4,3-5,3-6,3-7, 3-8, 3-10, 3-13, 3-15, 3-16, 3-18, 3-19, 3-20,3-21,3-23,3-24, 3-27, 3-29, 3-30 |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 തീ.30-06-2017 | 15 | 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6,3-8,3-9,3-10,3-11, 3-12, 3-13, 3-14, 3-15 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/339/2018തീ. 16.02.18 | 7 | 2-1(3,4,8), 2-2, 2-3, 3-4(1), 3-6, 3-7, 3-10 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/300/2019 തീ.08.05.2019 | 11 | 2-1(1മുതൽ 9 വരെ), 2-3, 2-5, 2-6, 2-10, 3-4(2), 3-9, 3-10, 3-12(1), (2), 3-13) |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/270/2019തീ.07.05.2019 | 20 | 1-10(4)(5),1-11, 1-12, 2-1, 2-2, 2-3(1), 2-5(2), (5), 2-6, 3-1, 3-2(2),(3), 3-3, 3-7, 3-8(2), 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/106/2020 തീ.01.06.2020 | 12 | 1-10, 1-12(1,2,3,4,5), 1-13(1), 1-13(2), 1-13(3), 1-13(4), 1-14(2), 1-14(3), 1-14(5), 1-14(6), 1-14(12), 1-14(13) |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1277/2021 തീ.12.10.2021 | 49 | 1-1 മുതൽ 1-30 വരെയും 2-1,3-1,3-2, 4-1 മുതൽ 4-11 വരെയും |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്